# Athmaraksha.org

നമ്മൾ ദൈവത്തിനു തിരിച്ചു നൽകേണ്ടത്?

## മാഫിയായ്ക്ക് പാപ്പായുടെ മുന്നറിയിപ്പ് - മാനസ്സാന്തരപ്പെടുക അല്ലെങ്കിൽ നരകത്തിൽ പോകും



ഫ്രാൻസീസ്പാപ്പാ ഇറ്റാലിയൻ മാഫിയാസംഘങ്ങളെ ഏറ്റവും രൂക്ഷമായ ഭാഷയിൽ വിമർശിച്ചിരിക്കുന്നു."നിങ്ങൾ മാനസാന്തരപ്പെടണം" പാപ്പാ പറഞ്ഞു. "രക്തപങ്കിലമായ പണവും അധികാരവും നിങ്ങൾ ഉപേക്ഷിക്കണം. അല്ലെങ്കിൽ നിങ്ങളുടെ വഴി നിത്യനരകത്തിലേയ്ക്കാണ്." മാഫിയാസംഘത്തിന്റെ അക്രമത്തിന് ഇരകളായവരുടെ ബന്ധുക്കളുമൊത്തുള്ള പ്രാർത്ഥനാവേളയിലാണ് പാപ്പാ ഈ മുന്നറിയിപ്പ് നടത്തിയത്.

പാപ്പാ തന്റെ പ്രസംഗത്തിൽ മാഫിയാസംഘത്തെ പ്രത്യേകം പരാമർശിച്ചാണ് സംസാരിച്ചത്. "ഇന്നത്തെ സമ്മേളനത്തിന്റെ കഥാനായകന്മാരെക്കുറിച്ച് ഒരു വാക്കു പറയാതെ എനിക്കീ സംഭാഷണം അവസാനിപ്പിക്കാനാകില്ല" പാപ്പാ പറഞ്ഞു."ഈ കഥാനായകന്മാരാരും ഇന്നിവിടെ സന്നിഹിതരല്ല. അതായത് മാഫിയാസംഘത്തിന്റെ നേതാക്കളും അംഗങ്ങളും. എനിക്കവരോടു പറയാനുള്ളത് ഒരു കാര്യം മാത്രമേയുള്ളൂ. നിങ്ങളുടെ ജീവിതത്തിൽ മാറ്റമുണ്ടാകണം. നിങ്ങൾ മാനസാന്തരപ്പെടണം. തിന്മ ചെയ്യുന്നത് നിങ്ങൾ അവസാനിപ്പിക്കണം."

മാഫിയാസംഘത്തിന് ഇരകളായ 842 പേരുടെ പേരുകൾ ഉറക്കെ വായിച്ചു കൊണ്ടാണ് അവർക്കുവേണ്ടി പ്രാർത്ഥിച്ചത്. ഇറ്റലിയിലെ മാഫിയാസംഘങ്ങൾ അതി ശക്തമാണ്. അവരുടെ വാർഷികവരുമാനം 116 ബില്യൺ യൂറോയാണെന്നാണ് ഐക്യ രാഷ്ട്രസംഘടനയുടെ കണക്ക്.